**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 405** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സഹൃദമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയായ 'ബാരിയർഫ്രീ കേരള ടൂറിസത്തിന്റെ' ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു കേരളത്തിലെ എല്ലാ ജില്ലകളിലുമായി പദ്ധതിക്കനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്താവുന്ന 84 സ്ഥലങ്ങൾ കണ്ടെത്തുകയും പ്രസ്തുത പദ്ധതിക്ക് 6,01,11,791/- രൂപയുടെ പുനർ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. കൈവരിയുള്ള റാമ്പ് , ബ്രെയിലി ലിപിയുള്ള ദിശാസൂചകം, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ്, വീൽചെയർ, വാക്കിംഗ്സ്റ്റിക്ക്, ക്രച്ചസ് എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗസ്റ്റ് ഹൗസുകൾ / യാത്രിനിവാസുകൾ എന്നിവയിൽ ലിഫ്റ്റുകൾ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ആദ്യഘട്ടത്തിൽ 120 ടൂറിസം ഡെസ്റ്റിനേഷനുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 69 എണ്ണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. ഇവയിൽ 175 റാമ്പുകൾ, 62 ടോയ്‌ലറ്റുകൾ, 115 വാക്കിങ്സ്റ്റിക്കുകൾ, 106 വീൽചെയറുകൾ, 807 സൈനേജുകൾ, 108 ക്രച്ചസ് എന്നിവ ഇതിനകം സജ്ജമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഭിന്നശേഷി സൗഹൃദ പാതകൾ ഒരുക്കുക, ഭിന്നശേഷി സൗഹൃദ പാർക്കിംഗ് എന്നിവ ഒരുക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മദ്യ-മയക്കുമരുന്ന് മാഫിയയുടെയും സാമൂഹ്യവിരുദ്ധരുടെയും ശല്യം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷ ശക്തമാക്കുന്നതിനുള്ള നടപടികൾ പോലീസുമായി ചേർന്ന് സംഘടിപ്പിക്കുന്നുണ്ട്. സാമൂഹ്യവിരുദ്ധരെയും ലഹരി മാഫിയെയും ഉൻമൂലനം ചെയ്യുന്നതിനായി പോലീസ് പട്രോളിംഗ് നടത്തിവരുന്നുണ്ട്. ഈ പ്രദേശങ്ങളിലെയും സമീപ പ്രദേശങ്ങളിലെയും കച്ചവട സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ഹോം സ്റ്റേകൾ, ഹൗസ് ബോട്ട് എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.<br><br>കൂടാതെ മയക്കുമരുന്ന് ഇടപാടുകാരെക്കുറിച്ച് രഹസ്യമായി അന്വേഷിക്കുന്നതിനായി DANSAF(District Anti Narcotic Special Action Force) സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തി ഇത്തരം പ്രവർത്തനങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പരിസര പ്രദേശങ്ങളിലും നിയന്ത്രിച്ചുവരുന്നുണ്ട്. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും ടൂറിസം പോലീസിനെ നിയമിച്ചും സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ